# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 177 10.03.2020-ൽ മറുപടിക്ക്

## പോലീസ് വകുപ്പിൽ കാലാനുസൃതമായ മാറ്റങ്ങൾ

**ചോദ്യം**

ശ്രീ.വി. അബ്ദുറഹിമാൻ
ശ്രീ.എ. പ്രദീപ്കുമാർ
ശ്രീ.കെ. ദാസൻ
ശ്രീ.സി.കെ. ഹരീന്ദ്രൻ

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ക്രമസമാധാനപാലന രംഗത്ത് നേരിടുന്ന വെല്ലുവിളികൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും പോലീസ് വകുപ്പിൽ കാലാനുസൃതമായ എന്തെല്ലാം മാറ്റങ്ങളാണ് ഈ സർക്കാർ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(എ) ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും കുറ്റമറ്റ ക്രമസമാധാന പാലനത്തിനും ആയി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ടവ ചുവടെ പറയുന്നു.

- ക്രമസമാധാനപാലനവും കേസന്വേഷണവും മികവുറ്റതാക്കുന്നതിനുവേണ്ടി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.
- നേരിട്ടെടുക്കാവുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും വ്യക്തി കുറ്റകൃത്യം നടന്ന പോലീസ് സ്റ്റേഷന്റെ അധികാര പരിധിക്ക് പുറത്ത് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചാൽ അധികാരപരിധി നോക്കാതെ ഏതൊരു പോലീസ് സ്റ്റേഷനിലും എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.
- CCTNS പദ്ധതി വ്യാപകമാക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകളും ലാപ് ടോപ്പുകളും വാങ്ങി നൽകിയിട്ടുണ്ട്.
- ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്ന തിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequencer, Advanced equipment for

document examination, Digital Zoom Static Microscope, FTIR Spectrometer, Refractometer, PCR Machine, Ultra low temperature freezer, Refrigerated centrifuge തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേക്ക് ലഭ്യമാക്കുകയുണ്ടായി.

- കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.
- കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും Trace my trip, Nearest/Jurisdictional Police Station, SOS-Panic message, Chat Bot for Public Service, Offence reporting, Citizen services, Traffic guru തുടങ്ങിയ applications നടപ്പിലാക്കിയിട്ടുള്ളതും ആയവ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.
- ജീവഹാനി കൂടാതെ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള ഉപകരണങ്ങൾ, സ്യൂട്ടുകൾ, നിരീക്ഷണ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.
- തീരദേശ സുരക്ഷയും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി നൂതന സാങ്കേതിക വിദ്യയിലുള്ള സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്.
- "Cyber Crime Prevention Against Women and Children (CCPWC) Project" സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു

സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിങ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ പബ്ലിക് പ്രോസിക്യൂട്ടർമാർ ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് ട്രെയിനിങ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- നിലവിലെ അനലോഗ് ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.
- ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിന് "Virtual Q" നടപ്പിലാക്കിയിട്ടുണ്ട്. ആയത് കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) ക്രമസമാധാന പരിപാലനത്തിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സാമൂഹിക ഇടപെടലുകളാണ് പോലീസ് വകുപ്പ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ക്രമസമാധാന പരിപാലനത്തിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പോലീസ് വകുപ്പ് നടത്തിവരുന്ന സാമൂഹ്യ ഇടപെടലുകളുടെ ഭാഗമായി ജനമൈത്രി സുരക്ഷാ പദ്ധതി പ്രകാരം ബീറ്റ് ഓഫീസർമാർ അവരവരുടെ ബീറ്റ് മേഖലകളിൽ ജനങ്ങളുമായി ചേർന്ന് പ്രവർത്തിച്ച വരുന്നു. റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് അവരുടെ പങ്കാളിത്തത്തോടെ ജനസുരക്ഷയ്ക്കായി വിവിധ സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് വരുന്നുണ്ട്. ജനങ്ങളുമായി ചേർന്നുള്ള ഇത്തരം പ്രവർത്തനങ്ങൾ മുഖേന കുറ്റവാളികളെ കുറിച്ചും മറ്റും രഹസ്യ വിവരങ്ങളും ജനങ്ങളിൽ നിന്നും ലഭ്യമായി വരുന്നുണ്ട്. തീരദേശ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി തീരനിവാസികളെയും മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തി കടലോര ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും കൃത്യമായ ഇടവേളകളിൽ മീറ്റിംഗ് കൂടി തീര സുരക്ഷയെ സംബന്ധിച്ചുള്ള വിഷയങ്ങൾ ജാഗ്രതയോടെ കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം നൽകുകയും |

അസ്വാഭാവികമായി എന്തെങ്കിലും തീരദേശത്തെ ശ്രദ്ധയിൽപെട്ടാൽ പോലീസിനെ അറിയിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.പി.സി പ്രൊജക്ട് ജനമൈത്രി പദ്ധതി ഫ്രണ്ട് ഓഫ് പോലീസ് പദ്ധതി തുടങ്ങിയ നൂതന പദ്ധതികൾ കൂടുതൽ വ്യാപകമാക്കി സാമൂഹിക ഇടപെടലുകൾ നടപ്പിലാക്കി വരികയാണ്. കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകൾ ആയ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know Your Jurisdiction, THUNA തുടങ്ങിയവ വികസിപ്പിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങൾക്ക് പോലീസിന്റെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(സി) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പോലീസിന്റെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിന് പോലീസ് വകുപ്പിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1) എസ്.സി/എസ്.റ്റി വിഭാഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.സി.ആർ.ബി, ഡി.വൈ.എസ്.പി മാരെ/അസിസ്റ്റന്റ് കമ്മീഷണർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.
2) എസ്.സി/എസ്.റ്റി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ആയത് പരിഹരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും മൂന്നുമാസത്തിലൊരിക്കൽ അതത് ജില്ലാ പോലീസ് മേധാവിമാരുടെ അധ്യക്ഷതയിൽ എസ്.സി/എസ്.റ്റി മോണിറ്ററിങ് കമ്മിറ്റി മീറ്റിങ്ങുകൾ നടത്തി വരുന്നു. വിവിധ എസ്.സി/എസ്.റ്റി സംഘടനകളുടെ പ്രതിനിധികളും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുന്നു.
3) ജില്ലാതലത്തിൽ നടക്കുന്നതുപോലെ സബ്ഡിവിഷൻ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റി മീറ്റിങ്ങുകൾ നടത്തിവരുന്നു. സബ്ഡിവിഷണൽ പോലീസ് ഓഫീസറാണ് പ്രസ്തുത മീറ്റിംഗിൽ അധ്യക്ഷത വഹിക്കുന്നത്.
4) എസ്.സി/എസ്.റ്റി വിഭാഗക്കാരുടെ

കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്ത് മൂന്ന് സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ആണ് അവ സ്ഥിതി ചെയ്യുന്നത്.

5) എസ്.സി/എസ്.റ്റി കേസുകൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനായി സംസ്ഥാനത്ത് നാല് സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചുവരുന്നു. മലപ്പുറം, പാലക്കാട്, കൊല്ലം, വയനാട് എന്നീ ജില്ലകളിലാണ് അവ സ്ഥിതി ചെയ്യുന്നത്.

6) എസ്.സി/എസ്.റ്റി വിഭാഗക്കാരുടെ അവകാശങ്ങളെപ്പറ്റിയും നിയമ പരിരക്ഷയെ പറ്റിയും അവരെ ബോധവൽക്കരിക്കുന്നതിനായി, എസ്.സി/എസ്.റ്റി വിഭാഗക്കാർ കൂടുതൽ അധിവസിക്കുന്ന പ്രദേശങ്ങളിൽ സെമിനാറുകളും ക്ലാസുകളും നടത്തിവരുന്നുണ്ട്.

7) എസ്.സി/എസ്.റ്റി വിഭാഗക്കാരുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്ത് 'ഒരു സ്പെഷ്യൽ പ്രൊട്ടക്ഷൻ സെൽ' പ്രവർത്തിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ